REV BR JOMON EDAKKALA

# EMMAUS VACHANADOOTH

SEPTEMBER 01, 2013

MATHEW 13: 01-09

VOLUME 4 ISSUE 14


## നൂറുമേനി... അറുപതുമേനി... മുപ്പതുമേനി...

ഒരു പക്ഷെ നിങ്ങൾ എല്ലാവരും തന്നെ കേട്ടിട്ടുണ്ടാകാം, ശലഭങ്ങളുടെ റാണിയായ ചിത്രശലഭത്തെയും അവളുടെ മക്കളെയും കുറിച്ച്. ഒരു ദിവസം ഈ ശലഭം 10 മുട്ടകൾ ഇട്ടു. പിന്നീട് ആദ്യപടി എന്നവണ്ണം അവ വിരിഞ്ഞ് ചെറിയ പുഴുക്കൾ ഉണ്ടായി. തങ്ങൾക്ക് ആവശ്യമുള്ളത് ഭക്ഷിച്ച് തുള്ളിച്ചാടി അവർ നടന്നു. എന്നാൽ വലുതായപ്പോൾ തീറ്റയെല്ലാം നിറുത്തി. തപസ്സിരിക്കേണ്ട കാലമാണിനി മുമ്പിൽ ഉള്ളത്. പലപ്പോഴും പൂന്തോട്ടങ്ങളിലും ചെടികളുടെ ഇലകൾക്കടിയിലും ഇത്തരത്തിലുള്ളവ ഒരുപാട് നാം കണ്ടിട്ടുണ്ട്. പക്ഷെ ഒരുവൻ മാത്രം ഇതൊന്നും വകവയ്ക്കാതെ പഴയപോലെ തന്നെ തിന്ന് തടിതപ്പിനടന്നു. അതേസമയം മറ്റുള്ളവർ പ്യൂപ്പയായ് വിരിഞ്ഞ് ചിത്രശലഭങ്ങളായി പറന്നുപോയി. പിന്നീട് അവർ കണ്ടുമുട്ടിയത് സ്വർഗ്ഗകവാടത്തിലായിരുന്നു. കൂടെയുണ്ടായിരുന്നവരെല്ലാം സ്വർഗ്ഗത്തിലേക്ക് കയറിപ്പോകുന്നത് പുറത്തുനിന്ന നോക്കി നിൽക്കാനേ അവന് സാധിച്ചുള്ളൂ. കാരണം മറ്റുള്ളവരെപ്പോലെ പൂമ്പാറ്റയായി ഭൂമിയിൽ ദൈവത്തെ മഹത്വപ്പെടുത്തുവാൻ നിയോഗിക്കപ്പെട്ടവനായിരുന്നു അവനും. നൂറുമേനി നൽകുവാൻ കഴിയുമായിരുന്നിട്ടും പത്തുപോലും എടുക്കാൻ ഇല്ലല്ലോ എന്നോർത്ത് നൊമ്പരപ്പെടുകയാണ് അവൻ. കേൾക്കുന്നവർക്ക് ഇത് വെറും ഒരു കഥ മാത്രമായിരിക്കാം. പക്ഷെ എന്റെയും നിങ്ങളുടെയും ജീവിതങ്ങൾ എങ്ങനെ ആയിരിക്കണം എന്ന് ഒരു ഓർമ്മപ്പെടുത്തൽ ഇതിൽ അടങ്ങിയിട്ടുണ്ട്.



ആകാശവും ഭൂമിയും അതിലുള്ള സമസ്തവും ദൈവത്തിന്റെ കരവേലയെന്ന് ഉത്പത്തിയുടെ ആരംഭത്തിലെ ഗ്രന്ഥകാരൻ പറഞ്ഞുവെയ്ക്കുന്നു. പരിശുദ്ധൻ, പരിശുദ്ധൻ സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ ഭൂമി മുഴുവൻ അവിടുത്തെ മഹത്വം നിറഞ്ഞിരിക്കുന്നു എന്ന് ഏശയ്യാ പ്രവാചകന്റെ പുസ്തകം ആറാം അദ്ധ്യായത്തിൽ സെറാഫുകൾ പാടിപ്പുകഴ്ത്തുമ്പോൾ പിതാവായ ദൈവത്തിന്റെ സൃഷ്ടികളായ നാം ഓരോരുത്തരും സർവ്വചരാചരവും അവിടുത്തെ മഹത്വപ്പെടുത്തുവാൻ കടപ്പെട്ടിരിക്കുന്നു എന്ന് ഒരിക്കൽ കൂടി ഓർമ്മപ്പെടുത്തുന്നു.

ജെറമിയാ പ്രവാചകന്റെ പുസ്തകം 22:11 ൽ ദൈവം പറഞ്ഞുവയ്ക്കുന്ന പദ്ധതികൾ, മനുഷ്യർക്കുവേണ്ടിയുള്ള ദൈവീക പദ്ധതികൾ വിതക്കാരന്റെ ഉപമയിലൂടെ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുന്ന ഈശോയെയാണ് മത്തായി ശ്ലീഹാ പതിമൂന്നാം അദ്ധ്യായത്തിൽ നമുക്ക് മുൻപിൽ അവതരിപ്പിക്കുന്നത്. യേശു അവരോട് പറഞ്ഞു. വിതക്കാരൻ വിതക്കാൻ പുറപ്പെട്ടു. വിതച്ചപ്പോൾ വിത്തുകളിൽ ചിലത് വഴിയരുകിൽ വീണു. കുറെ മണ്ണ് അധികം ഇല്ലാത്ത പാറമേലും മറ്റ് ചിലത് മുൾചെടികൾക്കിടയിലും നല്ല നിലത്തുമൊക്കെ വീണു. കൃഷിയെക്കുറിച്ചും വിത്തിനെക്കുറിച്ചും നിലത്തെക്കുറിച്ചും അവിടുത്തെ ജനങ്ങൾക്ക് നല്ല അറിവുണ്ടായിട്ടും എന്തുകൊണ്ട് ഇത്തരത്തിലൊരു പിഴവ് സംഭവിച്ചു എന്ന നമ്മുടെ സംശയം വിരൽചൂണ്ടുന്നത് ആ പ്രദേശത്തെ ഭൂപ്രകൃതിയുടെ പ്രത്യേകതകളിലേക്കാണ്. റോമാക്കാർ ആധുനിക രീതിയിൽ റോഡുകൾ നിർമ്മിക്കുന്നതുവരെയും പാലസ്തീനായിൽ പ്രധാനപ്പെട്ട സ്ഥലങ്ങളെ ബന്ധപ്പെടുത്തുന്നതിനു വേണ്ടി ചില നടപ്പാതകളാണ് ഉപയോഗിച്ചിരുന്നത്. ഗ്രാമീണരുടെ കൃഷിഭൂമിക്ക് കുറുകേ പോകുന്ന ഈ നടപ്പാതകൾക്കിരുവശവും വേലിയോ കുറ്റിച്ചെടിയോ നട്ടുപിടിപ്പിക്കുക പതിവായിരുന്നു. പാലസ്തീനിലെ പാടങ്ങളെല്ലാം മരുഭൂപ്രദേശങ്ങളോട് ഇടകലർന്ന് ഇരുന്നതുകൊണ്ട് പാറക്കെട്ടുകളുടെ ചെറിയ തുരുത്തുകൾ അവിടവിടെ കാണപ്പെടുന്നത് സർവ്വസാധാരണമായിരുന്നു. ഇത്തരത്തിൽ നോക്കുമ്പോൾ ഇത് പറഞ്ഞ യേശുവിനോ എഴുതിയ ശിഷ്യനോ വിതച്ച കർഷകനോ തെറ്റ് പറ്റിയതല്ല എന്ന് നമുക്ക് മനസ്സിലാക്കാം.

യേശു ഉപമ അവസാനിപ്പിക്കുമ്പോൾ ഏത് അർത്ഥത്തിൽ നോക്കിയാലും നഷ്ടം മാത്രം പറയാനുള്ള വിതക്കാരന്റ ചിത്രമാണ് നമുക്ക് ലഭിക്കുന്നത്. അതുകൊണ്ട് തന്നെ ഈ ഉപമയെ വിതക്കാരന്റെ ഹൃദയനൊമ്പരം എന്ന് വിളിക്കുന്നതാവും കൂടുതൽ ഉചിതമെന്ന് ഞാൻ കരുതുന്നു. കാരണം അവന്റെ സ്വപ്നങ്ങളും പ്രതീക്ഷകളുമായിരുന്നു അവ. നൂറുമേനി പ്രതീക്ഷിച്ച് എറിയപ്പെട്ടവയായിരുന്നു ഓരോ വിത്തും. എല്ലാം വിധിയുടെ കണക്ക് പുസ്തകത്തിൽ എഴുതിവയ്ക്കാനേ അവന് സാധിക്കുകയുള്ളൂ. അല്ലാതെ എന്തുചെയ്യാൻ. വിത്തുകളെ സംബന്ധിച്ചിടത്തോളം അവ തികച്ചും നിസഹായരാണ്. തങ്ങൾ എവിടെയാണ് എന്ന് പോലും തിരിച്ചറിയാത്തവർ, അവയെ പഴിചാരാൻ നമുക്കാകുമോ. ഇവിടെ ആയിരുന്നാൽ ദോഷം ചെയ്യുമല്ലോ എന്ന് മനസ്സിലാക്കി നല്ല നിലത്തേക്ക് മാറിക്കടക്കാം എന്നു വിചാരിച്ചാൽ പോലും സ്വന്തമായിട്ട് ഒന്ന് എഴുന്നേറ്റ് നിൽക്കാൻ കൂടിയാകാതെ അവ എന്തുചെയ്യാൻ. തങ്ങളെ ഞെരുക്കിക്കൊണ്ടിരിക്കുന്ന മുള്ളുകൾക്കിടയിൽ നിന്നും ഒന്ന് എടുത്ത് മാറ്റണമേ എന്ന് അപേക്ഷിക്കാൻ പോലും സാധിക്കാത്ത അവസ്ഥയാണല്ലോ അവർക്കുള്ളത്.




**നമ്മുടെയും കാഴ്ച അപൂർണ്ണമാണെന്ന് നാം സമ്മതിക്കേണ്ടിയിരിക്കുന്നു. നാം കത്തോലിക്കരും ക്രിസ്തുവിന്റെ ഭൗതീകശരീരത്തിലെ അംഗങ്ങളുമാണെങ്കിലും പലതും കാണുവാനോ വിശ്വസിക്കുവാനോ കഴിയുന്നില്ല.**






കണ്ണില്ലാത്തവർപോലും ക്രിസ്തുവിനെ കണ്ട് വിശ്വസിച്ചിട്ടും, കള്ളനും കൊള്ളരുതാത്തവനുമായ സക്കേവൂസിനുപോലും ക്രിസ്തുവിനെ സ്വീകരിക്കാൻ കഴിഞ്ഞിട്ടും കാഴ്ചയുണ്ടെന്ന് അഭിമാനിക്കുന്ന പലർക്കും യേശുവിനെ കാണാൻ കഴിഞ്ഞില്ലെന്ന കാര്യം നാം മറക്കരുത്.




ഈ ഉൾക്കാഴ്ചകളിൽ നിന്നുകൊണ്ട് നമ്മെ വിലയിരുത്തി നോക്കുമ്പോൾ യേശു പറഞ്ഞുവെയ്ക്കുന്ന ആ വിതക്കാരൻ എന്റെയും നിങ്ങളുടെയും ജീവിതത്തിന്റെ ഒരു ഭാഗമാണെന്ന് നമുക്ക് മനസ്സിലാകും. നൂറുമേനി ഫലം പ്രതീക്ഷിച്ച് കാത്തിരിക്കുന്ന ആ വിതക്കാരൻ മറ്റാരുമല്ല. നമ്മെ സൃഷ്ടിക്കുകയും കാത്ത്പരിപാലിക്കുകയും ചെയ്യുന്ന സർവ്വശക്തനായ ദൈവം തന്നെയാണ്. അവിടുത്തെ പ്രതീക്ഷയാണ്, സ്വപ്നങ്ങളാണ് ഞാനും നിങ്ങളും. അതേ നാം ഓരോരുത്തരും. യോഹന്നാന്റെ സുവിശേഷം 17–ാം അദ്ധ്യായം 4–ാം വാക്യത്തിൽ യേശുനാഥൻ പറയുന്നത് നമുക്കോർക്കാം. അവിടുന്ന് എന്നെ ഏൽപിച്ച ജോലി പൂർത്തിയാക്കുക വഴി ഭൂമിയിൽ അവിടുത്തെ ഞാൻ മഹത്വപ്പെടുത്തി. അതുപോലെ നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നങ്ങളും പ്രതീക്ഷകളും പൂർത്തിയാക്കിക്കൊണ്ട് അവിടുത്തെ മഹത്വപ്പെടുത്തുവാൻ നമുക്ക് ഓരോരുത്തർക്കും കടമയുണ്ട്.

നൂറുമേനി സ്വപ്നം കണ്ടുകൊണ്ട് വിതച്ചവ പലപ്പോഴും പത്തും ഇരുപതും മുപ്പതും ചിലപ്പോൾ മുളപൊട്ടാൻ പോലും സാധിക്കാതെ പാഴായിപ്പോകുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുക. കാരണം ഒരുപക്ഷെ വഴിയരുകിൽ അല്ലെങ്കിൽ പാറപ്പുറത്ത് അതുമല്ലെങ്കിൽ മുൾച്ചെടികൾക്കിടയിൽ അകപ്പെട്ടു പോയതാവാം. എല്ലായ്പ്പോഴും ഇത് നാം തന്നെ വിളിച്ചുവരുത്തിയതാകണമെന്നില്ല. ചിലപ്പോൾ നാം പിറന്നുവീണ സാഹചര്യങ്ങൾ നമ്മുട മാതാപിതാക്കന്മാർ കൂട്ടുകാർ എന്നിങ്ങനെ പലരുമാകാം അത്തരം അവസ്ഥകളിലേക്ക് നമ്മെ തള്ളിവിടുന്നത്.

ഇങ്ങനെ പലവിധകാരണങ്ങളാൽ നാശത്തിന്റെ വക്കിലേക്ക് കുതിച്ചികൊണ്ടിരിക്കുന്ന ജീവിതത്തെ മെച്ചപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നതുപോലെ നൂറ്മേനി പുറപ്പെടുവിക്കാൻ എനിക്ക് എന്ത് ചെയ്യാൻ സാധിക്കും എന്ന് ചിന്തിക്കുന്നതിന് പകരം അവയുടെ പേരിൽ ദൈവത്തെയും മറ്റുള്ളവരെയും കുറ്റം വിധിക്കാനാണല്ലോനാം ശ്രമിച്ചുകൊണ്ടിരിക്കുന്നത് എന്നോർക്കുമ്പോൾ സുവിശേഷത്തിലെ വിത്തുകളെ ഓർമ്മവരുന്നു. സ്വന്തമായി ഒന്നും ചെയ്യാൻ കഴിവില്ലാത്ത നിസഹായതയുടെ പ്രതിരൂപമായ അവയെപ്പോലെ മറ്റ് സാഹചര്യങ്ങൾക്കും ശക്തികൾക്കും അധീനപ്പെട്ട് ജീവിതം നശിപ്പിക്കാനല്ല ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും നമ്മെ സൃഷ്ടിച്ചത്. മറ്റുള്ള സൃഷ്ടികളിൽ നിന്നെല്ലാം വ്യത്യസ്തമായി സ്വന്തമായി ചിന്തിക്കുവാനും തീരുമാനം എടുക്കുവാനുമുള്ള കഴിവും സ്വാതന്ത്ര്യവും അവിടുന്ന് നമുക്ക് നൽകിയിരിക്കുന്നു. എന്നാൽ കണ്ണുണ്ടായിട്ട് കാണാതെയും കാതുണ്ടായിട്ട് കേൾക്കാതെയും അലസമായ് ജീവിതം നയിക്കുന്നവരെ ശകാരിക്കുന്ന യേശുവിനെയാണ് മത്താ. 13:13 ൽ നാം കാണുന്നത്. അതുകൊണ്ട് ഇനിയെങ്കിലും ഓരോരുത്തരും അവനവന് നൽകപ്പെട്ടിരിക്കുന്ന കൃപകളും ദാനങ്ങളും വേണ്ട രീതിയിൽ ഉപയോഗപ്പെടുത്തി ദൈവത്തെ മഹത്വപ്പെടുത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഈ ലോക ജീവിതത്തിന്റെ തിന്മകളിലും സുഖസൗകര്യങ്ങളിലും ഉടക്കിക്കിടന്ന് ജീവിതം പാഴാക്കാതെ ദൈവസ്നേഹവും ക്രിസ്തീയമൂല്യങ്ങളും തളം കെട്ടി നിൽക്കുന്ന നല്ല നിലങ്ങൾ തേടി നമുക്ക് യാത്ര തുടങ്ങാം. അങ്ങനെ കണ്ണുകൊണ്ട് കാതുകൊണ്ട് ഹൃദയകൊണ്ട് നൂറുമേനി പുറപ്പെടുവിച്ചുകൊണ്ട് നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം.